പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 866 13/06/2012-ൽ മറുപടിക്ക്

## ഇടമലക്കുടി പട്ടികവർഗ്ഗ സങ്കേതത്തിന്റെ അവസ്ഥ

ചോദ്യം

ശ്രീ.എൻ.ഷംസുദ്ദീൻ
ശ്രീ.എം.ഉമ്മർ
ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി :

മറുപടി

കുമാരി.പി.കെ.ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും
യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | വകുപ്പു മന്ത്രിയുടെ ഇടമലക്കുടി സന്ദർശനം കൊണ്ട് മനസ്സിലാക്കാനായ പട്ടികവർഗ്ഗ സങ്കേതത്തിന്റെ അവസ്ഥയെക്കുറിച്ച് വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഏറ്റവും വിദൂരമായ ദുർഘട പ്രദേശത്ത് സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ സങ്കേതങ്ങളാണ് ഇടമലക്കുടിയിലെ 28 കുടികൾ ആധുനിക ലോകത്തിന്റേയോ, മാറ്റങ്ങളുടേയോ യാതൊരുവിധ അലയൊലികളും എത്തിച്ചേരാത്ത ഉൾവനത്തിൽ ഗോത്രവർഗ്ഗത്തിന്റെ പാരമ്പര്യവും പേറി വസിക്കുന്നവരാണ് ഈ കുടിയിലുള്ളവർ. വിദ്യാഭ്യാസപരമായി ഏറ്റവും പിന്നോക്കം നിൽകുന്ന പഞ്ചായത്താണ് ഇടമലക്കുടി. ഗതാഗത വാർത്തവിനിമയങ്ങളൊന്നും എത്തിച്ചേരാത്ത ഈ സ്ഥലത്ത് 2 കിലോമീറ്ററോളം ദുർഘടമായ വനാന്തരങ്ങളിലൂടെ കാൽനടയായി വേണം എത്തിച്ചേരുവാൻ. നിത്യോ |

| | | | |
|---|---|---|---|
| | | | പയോഗ സാധനങ്ങൾ പോലും തലച്ചുമടായി ദുർഘടമായ വഴികളിലൂടെ കിലോമീറ്ററുകൾ താണ്ടി എത്തിക്കേണ്ട സാഹചര്യ-മാണുള്ളത് എന്നും, എല്ലാ സർക്കാർ വകുപ്പുകളെയും ഏകോപിപ്പിച്ച് സംസ്ഥാനത്തെ ആദ്യ പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയുടെ സമഗ്ര വികസനം അനിവാര്യമാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ മേഖലയുടെ വികസനത്തിന് നീക്കിവയ്ക്കുന്ന തുക ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന പദ്ധതികൾക്ക് കാര്യക്ഷമമായി വിനിയോഗിച്ചിട്ടുണ്ടോ; | (ബി) | ഇടമലക്കുടി മേഖലയ്ക്ക് പ്രത്യേകം തുക ബഡ്ജറ്റിൽ നീക്കിവെച്ചിട്ടില്ല. എന്നാൽ ലഭ്യമായ തുക വിനിയോഗിച്ച് ഈ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. ഇടമലക്കുടിയിൽ റേഷൻ സാധന-ങ്ങൾ എത്തിക്കുന്നതിനു ചുമട്ട് കൂലി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് നൽകുന്നത്. ഇടമലക്കുടിയുടെ വികസനത്തിനു അനുവദിക്കുന്ന തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പു വരുത്തുന്നതാണ്. |
| (സി) | ഇത്തരം മേഖലകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ഇടമലക്കുടി പോലുള്ള വിദൂരവും ദുർഘടവുമായ പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ യാത്രാ പ്രശ്നങ്ങളും താമസ സൗകര്യങ്ങളുടെ അപര്യാപ്തതയും ശ്രദ്ധ-യിൽപ്പെട്ടിട്ടുണ്ട്. റോഡിന്റെ അഭാവം, താമസ സൗകര്യ-ത്തിന്റെയും വാർത്താവിനിമയ ബന്ധത്തിന്റെയും അപര്യാപ്തത |

| | | | |
|---|---|---|---|
| | | | തുടങ്ങിയ പ്രശ്നങ്ങൾ ഉദ്യോഗസ്ഥർ അഭിമുഖീകരിക്കുന്നുണ്ട്. |
| (ഡി) | ഉദ്യോഗസ്ഥരുടെ പ്രശ്നങ്ങൾ പരിഹരിച്ച് അവരെ കൂടുതൽ സേവന സന്നദ്ധരാക്കി ഇത്തരം പിന്നോക്ക പ്രശ്നങ്ങളുടെ വികസനം ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കുമോ? | | ബഹുമാനപ്പെട്ട പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രിയുടെ ഇടമലക്കുടി സന്ദർശന സമയത്ത് ഉദ്യോഗസ്ഥരുടെ പ്രശ്നങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ദേവികുളം സബ്കളക്ടറെ ചുമതലപ്പെടുത്തുകയും, ടി മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി പ്രാഥമിക ചർച്ച നടത്തുകയുമുണ്ടായി. ചർച്ചയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങളും എടുത്ത തീരുമാനങ്ങളും വിശദമായി പരിശോധിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ